## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1463** 03-12-2018 -ൽ മറുപടിക്ക്

## കാലവർഷക്കെടുതിയിലെ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് 2018 ജൂലൈയിൽ ഉണ്ടായ കാലവർഷക്കെടുതിയിൽ കൃഷിനശിച്ചതിന്റെയും വസ്തുവകകൾ നശിച്ചതിന്റെയും കണക്ക് എടുത്തിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | എത്ര കോടി രൂപയുടെ നാശനഷ്ടമുണ്ടായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) | ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം 244.17 കോടി രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഐക്യരാഷ്ട്രസഭാ സംഘത്തിന്റെ അവലോകന പ്രകാരം<br>കാർഷിക മേഖലയിലെ നഷ്ടം - 6280.7 കോടി രൂപ<br>മൃഗസംരക്ഷണ മേഖലയിലെ നഷ്ടം - 687.5 കോടി രൂപ എന്നതാണ്. |
| സി) | പ്രസ്തുത കാലവർഷക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും കൃഷിയും വീടും നശിച്ചവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | സംസ്ഥാനത്ത് 2018 മെയ് മാസം 29-ാം തീയതി മുതൽ ആരംഭിച്ച കാലവർഷത്തിൽ കൃഷി നഷ്ടപ്പെട്ട കർഷകർക്കായി 27-11-2018 വരെ 51.5 കോടി രൂപ ചെലവഴിച്ചു. കൃഷിയിടങ്ങളിലെ ചെളിയും എക്കലും മാറ്റുവാൻ മാനദണ്ഡം അനുസരിച്ച് കർഷകർക്കായി, കൃഷി വകുപ്പിന് 7.1 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലു ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്. ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ഉണ്ടായിട്ടുള്ള നാശ നഷ്ടത്തിന്റെ തോത് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ന് മേലെ എന്നിങ്ങനെ തരം തിരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000/- രൂപ, 60,000/- രൂപ, 1,25,000/- രൂപ, 2,50,000/- രൂപ, 4,00,000 രൂപ എന്നിങ്ങനെയായി |

| | | | |
|---|---|---|---|
| | | | Minimum Relief Code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യ മല്ലാത്ത വീടുകൾക്ക്, സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവ സ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്. |

സെക്ഷൻ ഓഫീസർ